പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2997 **29-10-2026-ൽ മറുപടിയ്ക്ക്**

സമഗ്ര ശിക്ഷാ കേരളം പദ്ധതിപ്രകാരം സംസ്ഥാനത്തിന് ലഭിക്കാനുള്ള തുക

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. രാജൻ ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) സമഗ്ര ശിക്ഷാ കേരളം പദ്ധതിപ്രകാരം നടപ്പു സാമ്പത്തിക വർഷം ഉൾപ്പെടെ സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്നും ലഭിക്കാനുള്ള കുടിശ്ശിക തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

മറുപടി: സമഗ്ര ശിക്ഷാ കേരളം പദ്ധതി പ്രകാരം നടപ്പു സാമ്പത്തിക വർഷം ഉൾപ്പെടെ സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്നും ലഭിക്കാനുള്ള കുടിശ്ശിക തുക സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം – 1** ആയി ചേർത്തിരിക്കുന്നു.

(ബി) നടപ്പു സാമ്പത്തിക വർഷം ഉൾപ്പെടെ സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്നും ലഭിക്കാനുള്ള കുടിശ്ശിക തുകയിൽ The Right of Children to Free and Compulsory Education Act, 2009 പ്രകാരമുള്ള ഇനങ്ങളിൽ ലഭിക്കാനുള്ള തുക എത്രയെന്ന് വിശദമാക്കാമോ;

മറുപടി: നടപ്പു സാമ്പത്തിക വർഷം ഉൾപ്പെടെ സംസ്ഥാനത്തിന് RTE Act പ്രകാരമുള്ള ഇനങ്ങളിൽ കുടിശ്ശിക അടക്കം ലഭിക്കാനുള്ള കേന്ദ്ര വിഹിതം 176.40 കോടി രൂപയാണ്.

(സി) സമഗ്ര ശിക്ഷാ കേരളം പദ്ധതിപ്രകാരം നടപ്പുസാമ്പത്തികവർഷം ഉൾപ്പെടെ കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ കേരളത്തിന് ഏതെങ്കിലും കാരണത്താൽ തുക അനുവദിക്കാനാകില്ലെന്ന് രേഖാമൂലമോ അല്ലാതെയോ കേന്ദ്ര സർക്കാരോ ബന്ധപ്പെട്ട ഏജൻസികളോ സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

മറുപടി: പി.എം.ശ്രീ. പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാത്തതു കാരണം സമഗ്ര ശിക്ഷാ കേരളം പദ്ധതി പ്രകാരം സംസ്ഥാനത്തിന് ലഭിക്കാനുള്ള തുക, നടപ്പുസാമ്പത്തിക വർഷം ഉൾപ്പെടെ 2023-24 വർഷം മുതൽ അനുവദിക്കാനാകില്ല എന്ന് കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയം വിളിച്ചുചേർക്കുന്ന ഔദ്യോഗിക മീറ്റിംഗുകളിൽ അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ തുക അനുവദിക്കാനാകില്ല എന്ന് രേഖാമൂലം കേന്ദ്രസർക്കാരോ കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയമോ അറിയിച്ചിട്ടില്ല.

(ഡി) സമഗ്ര ശിക്ഷാ കേരളം പദ്ധതിപ്രകാരം നടപ്പുസാമ്പത്തിക വർഷം ഉൾപ്പെടെ കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ ഓരോ വർഷവും കേരളത്തിന് അനുവദിച്ചതോ ലഭിച്ചതോ ആയ തുകയിൽ കേന്ദ്ര വിഹിതം/സംസ്ഥാന വിഹിതം എന്നിവ എത്രവീതമായിരുന്നു?

<u>മറുപടി:</u> സമഗ്ര ശിക്ഷാ കേരളം പദ്ധതിപ്രകാരം നടപ്പുസാമ്പത്തിക വർഷം ഉൾപ്പെടെ കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ ഓരോ വർഷവും കേരളത്തിന് അനുവദിച്ചതോ ലഭിച്ചതോ ആയ തുകയിൽ കേന്ദ്ര വിഹിതം/സംസ്ഥാന വിഹിതം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം - 2 ആയി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം-1

(തുക കോടിയിൽ)

ക്രമ നം.	പദ്ധതി	വർഷം	അംഗീകരിച്ച അടങ്കൽ തുക	ആനുപാതിക കേന്ദ്ര വിഹിതം (60%)	ലഭിച്ച കേന്ദ്ര വിഹിതം	കേന്ദ്ര വിഹിതം ലഭിക്കാനുളളത്
1	SSK	2021-22	733.63	440.17	225.12	215.05
2	SSK	2022-23	674.03	404.41	173.51	230.90
3	SSK	2023-24	702.72	421.63	141.06	280.57
4	SSK	2024-25	855.90	513.54	0	513.54
5	SSK	2025-26	761.08	456.65	99.27	357.38
6	SSK	2026-27	722.79	433.67	0	433.67
7	PM JANMAN	2023-24 2024-25	10.33	6.198	0.60	5.598
8	DIETs of Excellence	2023-24	21.44	12.864	0	12.864
9	DA JGUA	2024-25	5.95	3.57	0	03.57
	Total		**4487.87**	**2692.7**	**639.56**	**2053.14**

2023-24 മുതൽ 2025-26 വരെ ആർ.ടി.ഇ. ആക്ട് പ്രകാരമുള്ള ഇനങ്ങളിൽ റീ- ഇംബേഴ്സ്മെന്റായി 106.58 കോടി രൂപ കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ പരിഗണനയിലാണ്. ഈ തുക നാളിതു വരെ സംസ്ഥാനത്തിന് ലഭിച്ചിട്ടില്ല.

അനുബന്ധം-2

(തുക കോടിയിൽ)

ക്രമ നം.	പദ്ധതി	വർഷം	പി.എ.ബി. അംഗീകരിച്ച അടങ്കൽ തുക	ആനുപാതിക കേന്ദ്ര - സംസ്ഥാന വിഹിതം		അനുവദിച്ച തുക	
				കേന്ദ്ര വിഹിതം (60%)	സംസ്ഥാന വിഹിതം (40%)	കേന്ദ്ര വിഹിതം	സംസ്ഥാന വിഹിതം
1	SSK	2021-22	733.63	440.17	293.45	225.12	151.22
2	SSK	2022-23	674.03	404.41	269.61	173.51	206.65
3	SSK	2023-24	702.72	421.63	281.09	141.06	223.67
4	SSK	2024-25	855.90	513.54	342.36	0	251.18
5	SSK	2025-26	761.08	456.65	304.43	99.27	194.39
6	SSK	2026-27	722.79	433.67	289.12	0	138.47
7	PM JANMAN	2023-24 2024-25	10.33	6.198	4.132	0.60	0.40
8	DIETs of Excellence	2023-24	21.44	12.864	8.576	0	0
9	DA JGUA	2024-25	5.95	3.57	2.38	0	0
	Total		**4487.87**	**2692.702**	**1795.148**	**639.56**	**1165.98**